**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **29-08-2022 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ വട്ടവടയിൽ പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ കുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; | (എ) | സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | വട്ടവട ഗ്രാമപഞ്ചായത്തിൽ CMI സഭയുടെ കീഴിലുള്ള ഹൈസ്കൂൾ കോമ്പൗണ്ടിൽ നിന്നും 50 സെന്റ് ഭൂമി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ടു നൽകുകയും റിലിങ്കിഷ്മെന്റ് ഫോം സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി M/s KITCO എന്ന സ്ഥാപനത്തിന് നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും അധികൃതരുടെ വാക്കാലുള്ള നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഗ്രൗണ്ട്ഫ്ലോറിന്റെ പില്ലറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ ആധാരത്തിന്റെ പകർപ്പ്, കൈവശവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ നിർമ്മാണ അനുമതി ലഭിക്കുന്നത് വരെ നിർമ്മാണം നിർത്തിവെയ്ക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചതിനെ തുടർന്ന് 14.09.2016 മുതൽ നിർമ്മാണ പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനല്കുന്നതിനായി Requisition for Transfer of Government Land ദേവികുളം സബ്കളക്ടറുടെ ഓഫീസിലേക്ക് അയച്ചിട്ടുള്ളതുമാണ്. റിലിങ്കിഷ് ചെയ്യുന്നതിനായി, റിലിങ്കിഷ്മെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് ദേവികുളം സബ്കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് |

| | | | |
|---|---|---|---|
| | | | കൈമാറി ലഭിച്ചിട്ടില്ലാത്തതിനാലാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്. |
| (സി) | നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | വട്ടവട ഗ്രാമപഞ്ചായത്തിൽ CMI സഭയുടെ കീഴിലുള്ള ഹൈസ്കൂൾ കോമ്പൗണ്ടിൽ നിന്നും 50 സെന്റ് ഭൂമി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ടു നൽകുകയും റിലിങ്കിഷ്മെന്റ് ഫോം സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി M/s KITCO എന്ന സ്ഥാപനത്തിന് നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും അധികൃതരുടെ വാക്കാലുള്ള നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഗ്രൗണ്ട്ഫ്ളോറിന്റെ പില്ലറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ ആധാരത്തിന്റെ പകർപ്പ്, കൈവശവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ നിർമ്മാണ അനുമതി ലഭിക്കുന്നത് വരെ നിർമ്മാണം നിർത്തിവെയ്ക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചതിനെ തുടർന്ന് 14.09.2016 മുതൽ നിർമ്മാണ പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനല്കുന്നതിനായി Requisition for Transfer of Government Land ദേവികുളം സബ്കളക്ടറുടെ ഓഫീസിലേക്ക് അയച്ചിട്ടുള്ളതുമാണ്. റിലിങ്കിഷ് ചെയ്യുന്നതിനായി, റിലിങ്കിഷ്മെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് ദേവികുളം സബ്കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാലാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ